LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളായി വ്യാപാരികളും പൊതുജനങ്ങളും സ്വരൂപിച്ചുണ്ടാക്കിയ ഫണ്ട് ഉപയോഗിച്ചുകൊണ്ട് വളരെ മനോഹരമായിട്ടുള്ള കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇന്നേവരെ അതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ യാത്രാക്ലേശം അനുഭവപ്പെടുന്ന ഒരു താലൂക്ക് എന്ന നിലയിൽ ഈ താലൂക്കിലെ പൊതുജനങ്ങളുടെ ആഗ്രഹം സഫലീകരിക്കുന്നതിനും അതുപോലെ അതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഒരു പരിപാടിക്ക് ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ മുൻ കെ. പി. സി. സി. പ്രസിഡന്റും ഒക്കെ ഉറപ്പ് നൽകിയതാണ്. ഇപ്പോൾ തന്നെ അവിടെ സമരം ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് എന്നെ സഹായിക്കണം, എന്റെ താലൂക്കിനെ സഹായിക്കണം, അതിന് ഒരു തീരുമാനം ഉണ്ടായില്ലെങ്കിൽ എനിക്ക് നിരാഹാരം കിടക്കേണ്ടിവരും അത്തരത്തിലുള്ള ബഹുജന പ്രക്ഷോഭമാണ് അവിടെ ആരംഭിച്ചിട്ടുള്ളത്. ഡിപ്പോയുടെ പ്രവർത്തനം തുടങ്ങിയില്ലെങ്കിലും ഓപ്പറേറ്റിംഗ് സെന്ററായെങ്കിലും ഇത് തുടങ്ങണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ശാസ്താംകോട്ടയിൽ ഒരു ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നാല് ഏക്കർ സ്ഥലവും ബസ് സ്റ്റേഷന് ആവശ്യമായ കെട്ടിടങ്ങളും നിർമ്മിച്ച് നൽകാമെന്ന് ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സമ്മതിച്ചിരുന്നുവെങ്കിലും ഇതുവരെ ആ വസ്തു കൈമാറുകയോ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ഇതിനും പുറമേ കുന്നത്തൂർ താലൂക്ക് ആസ്ഥാനമായി രൂപീകരിച്ച താലൂക്ക് ലെവൽ ആക്ഷൻ കമ്മിറ്റി അവിടെ ബസ് സ്റ്റേഷൻ അനുവദിക്കരുത്, അനുവദിച്ചാൽ ശാസ്താംകോട്ട ശുദ്ധജല തടാകം മലിനമാകുമെന്ന വാദവുമായി മുന്നോട്ടു വന്നിട്ടുണ്ട്. രണ്ട് വ്യക്തികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുമുണ്ട്. എന്നാലും ഈ കെട്ടിടം പൂർത്തിയാക്കുകയും സ്ഥലം കെ.എസ്.ആർ.ടി.സി.ക്ക് കൈമാറുകയും ചെയ്താൽ ബഹുമാനപ്പെട്ട മെമ്പർ സത്യാഗ്രഹം കിടക്കണ്ട, അത് കൈമാറിയാൽ അവിടെ ബസ് സ്റ്റേഷൻ ആരംഭിക്കുന്നതാണ്. സ്ഥലം നൽകാമെന്ന് സമ്മതിച്ചു, കൈമാറിയിട്ടില്ല.

(9) മരുതോങ്കര, ചക്കിട്ടപ്പാറ പഞ്ചായത്തുകളിൽ ഉരുൾപൊട്ടലിനെ തുടർന്ന് ദുരന്തമുണ്ടായ പ്രദേശങ്ങളിൽ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബിനോയ് വിശ്വം : സർ, നാദാപുരം, പേരാമ്പ്ര മണ്ഡലങ്ങളിൽ മലയോര പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളും കടുത്ത ഭീതിയിലാണ്. എല്ലാവർഷവും മഴക്കാലത്ത് ഉരുൾപൊട്ടലുണ്ടായി പറഞ്ഞറിയിക്കാൻ കഴിയാത്ത നാശനഷ്ടങ്ങൾ

സംഭവിക്കുന്നു. ദുരിതങ്ങളുടെ വ്യാപ്തി പറയാൻ വാക്കുകളൊന്നും മതിയാകാതെ വരുന്നു. കഴിഞ്ഞ വർഷം നാദാപുരം മണ്ഡലത്തിലെ മരുതോങ്കര പഞ്ചായത്തിലെ പശുക്കടവിൽ ഉരുൾപൊട്ടൽമൂലം പത്തുപേർ മരിച്ചു. അതേ പഞ്ചായത്തിൽ അൽപ്പംകൂടി മുകളിൽ ഈ വർഷം ഉരുൾപൊട്ടൽ ഉണ്ടായി. തൊട്ടടുത്ത പഞ്ചായത്തായ മരുതോങ്കര, ചക്കിട്ടപ്പാറ പഞ്ചായത്തുകളിൽ ഉരുൾപൊട്ടലുണ്ടായ തിനെത്തുടർന്ന് ആളുകൾ ഇപ്പോഴും അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുകയാണ്. അവിടെപ്പോയി കണ്ടാൽ മലമ്പ്രദേശങ്ങളിൽ ഉണ്ടാകുന്ന സുനാമിപോലുള്ള അതിഭീകരമായ കാഴ്ച കാണാൻ കഴിയും. ഒരു സ്ത്രീ മാത്രമാണ് ഇക്കൊല്ലം മരിച്ചത്. വാസയോഗ്യമായ സ്ഥലങ്ങളും കൃഷിയും നശിച്ച് കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടാവുകയും ചെയ്തു. വാസയോഗ്യമായ സ്ഥലങ്ങൾ ഇനി അവിടെ കണ്ടെത്താൻ പ്രയാസമാണ്. നൂറുകണക്കിന് ആളുകൾ ഇപ്പോഴും അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുകയാണ്. അഭയാർത്ഥി ക്യാമ്പിലെ മനുഷ്യർക്കു വേണ്ടി ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ, നാട്ടുകാർ എല്ലാം ചെയ്യുന്ന സേവനങ്ങളെപ്പറ്റി തീർച്ചയായിട്ടും ഞങ്ങൾക്ക് എല്ലാവർക്കും മതിപ്പുണ്ട്. അതെല്ലാം ഉണ്ടെങ്കിൽപ്പോലും അവിടെ കഴിയുന്ന പാവപ്പെട്ട മനുഷ്യരോട് ഗവൺമെന്റും സമൂഹവും കാണിക്കേണ്ട നീതി കാണിക്കാൻ ഒട്ടും വൈകാൻ പാടില്ല. വീട് നഷ്ടപ്പെട്ടവർക്ക് വീടും ഭൂമി നഷ്ടപ്പെട്ടവർക്ക് വാസയോഗ്യമായ ഭൂമിയും പകരം നൽകണം. ഇപ്പോഴും അവിടെയെല്ലാം ആകാശത്ത് ഇരുട്ടു വന്നാൽ ആകാശത്തിന്റെ മുഖം കറുത്താൽ ജീവിക്കാൻ ആളുകൾ ഭയപ്പെടുകയാണ്. മിനിഞ്ഞാന്നും ഞാൻ അവിടെ പോയിരുന്നു. അവിടെ ഇപ്പോഴും നല്ല മഴ പെയ്യുകയാണ്. അതേസമയത്ത് ഇനിയും ഉരുൾപൊട്ടൽ ഉണ്ടാകാം. നമ്മുടെ മലയോര മേഖലയിലെ മനുഷ്യരോട്, നൂറ്റാണ്ടുകളായി പാടുപെടുന്ന അവരോട് നമ്മൾ എല്ലാവരും കാണിക്കേണ്ട നീതി കാണിക്കാൻ നമുക്കാവുന്നില്ലായെങ്കിൽ നാം എങ്ങനെയാണ് അവരോട് മനുഷ്യത്വത്തെപ്പറ്റി വർത്തമാനം പറയുക. എനിക്ക് പറയാനുള്ളത് അടിയന്തിരമായി ഗവൺമെന്റ് ചെയ്യേണ്ട മൂന്നു കാര്യങ്ങളെപ്പറ്റിയാണ്. വീട് നഷ്ടപ്പെട്ടവർക്ക് എല്ലാവർക്കും പകരം വീട് വച്ചു കൊടുക്കണം ആ ഭൂമിയിലേക്ക് ഇനി അവർക്ക് പാർക്കാൻ പോകാൻ കഴിയില്ല. അവർക്ക് പകരം ഭൂമി വേണം. എല്ലാ കൊല്ലവും ഉരുൾപൊട്ടൽ ഉണ്ടാകുന്ന ആ പ്രദേശങ്ങളിൽ ഒരു സ്ഥിരം ഷെൽറ്റർ വേണം. സർക്കാർ അവിടെ സ്ഥിരമായ ഒരു ഷെൽറ്റർ കൊടുത്തില്ല എന്നും പള്ളിവരാന്തയിലും പള്ളിക്കൂടങ്ങളിലും അഭയാർത്ഥി കേന്ദ്രങ്ങളിലും പോയി ജീവിക്കാൻ അവർക്കാകില്ല. അതുകൊണ്ട് ഗവൺമെന്റ് മുൻകൈയെടുത്ത് മരുതോങ്കര പഞ്ചായത്തിന്റെ ഏതെങ്കിലും ഭാഗത്ത് ലഭ്യമായ സ്ഥലത്ത് സ്ഥിരമായി ഷെൽറ്റർ പണിയുവാൻ വേണ്ടി മുൻകൈയെടുത്തേ മതിയാകൂ. നമുക്കിവിടെ സെസ്

LIBRARY ARCHIVES Kerala Legislative Assembly

(ഭൗമശാസ്ത്ര പഠനകേന്ദ്രം), കാലാവസ്ഥ പ്രവചന കേന്ദ്രം, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവയൊക്കെയുണ്ട്. നമ്മൾ ഇവർക്കെല്ലാം വേണ്ടി കോടിക്കണക്കിന് രൂപ പ്രതിവർഷം മാറ്റിവയ്ക്കുന്നുണ്ട്. പക്ഷെ ഈ സ്ഥാപനങ്ങളെല്ലാം പാവപ്പെട്ട മനുഷ്യർക്കുവേണ്ടി എന്താണ് ചെയ്യുന്നത്? തൃശ്ശൂരിന് അപ്പുറത്തുള്ള കേരളത്തെപ്പറ്റി ഈ സ്ഥാപനങ്ങൾക്കൊന്നും ലേശം പരിഗണനയില്ല. അവിടെ ആ കൊടുംകാടിന്റെ താഴെ ആളുകൾ മരിച്ചുപോയാൽ മലയിടിഞ്ഞു വന്നാൽ വീടുകളും കുട്ടികളും നഷ്ടപ്പെട്ടുപോയാൽ അവർക്കൊരു കൈത്താങ്ങു കൊടുക്കാൻപോലും ഈ പഠന കേന്ദ്രങ്ങൾ ആരും അങ്ങോട്ട് ഇതേവരെ പോയിട്ടില്ല. റവന്യൂ വകുപ്പുമന്ത്രി എത്രയും വേഗം ആ സ്ഥലത്ത് വരണം, ബന്ധപ്പെട്ടവരെ വിളിച്ചു കൂട്ടണം. എല്ലാം നഷ്ടപ്പെട്ട മനുഷ്യർക്ക് എങ്ങനെയെല്ലാം ആശ്വാസം നൽകുവാൻ കഴിയുമോ അതെല്ലാം നൽകുവാൻ വേണ്ടി ഗവൺമെന്റ് ഉണർന്നു പ്രവർത്തിക്കേണ്ട മുഹൂർത്തം ഇതാണ്, ഒട്ടും വൈകാൻ പാടില്ല, അവരെ സഹായിച്ചേ മതിയാകൂ.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സർ, കൊയിലാണ്ടി വടകര താലൂക്കുകളിൽ പ്രത്യേകിച്ച് പേരാമ്പ്ര, നാദാപുരം നിയോജകമണ്ഡലങ്ങളിലുണ്ടായ കെടുതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 12-ാം തീയതി ബഹുമാനപ്പെട്ട ബിനോയ് വിശ്വവും ഉണ്ടായിരുന്നു. ഞങ്ങൾ ജനപ്രതിനിധികൾ എല്ലാവരും കൂടി ഇരുന്നുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. അന്ന് വാക്ക് നൽകിയിരുന്നു, ഭൂമി ഉൾപ്പെടെ വീട് മുഴുവൻ നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി വിലയ്ക്ക് വാങ്ങി വീട് വച്ചുകൊടുത്ത് അവരെ പുനരധിവസിപ്പിക്കുന്നതാണ് എന്ന്. ഭൂമി മുഴുവൻ ഒലിച്ചുപോയവർക്ക് പകരം ഭൂമി നിർദ്ദിഷ്ട മാനദണ്ഡം അനുസരിച്ച് വാങ്ങിക്കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. കൃഷിനാശം സംഭവിച്ചവർക്ക് രൂപ കൊടുക്കും. ആവശ്യമെങ്കിൽ നദികളുടെ സംരക്ഷണത്തിന് റിവർ മാനേജുമെന്റ് ഫണ്ടിൽനിന്നും സഹായം ലഭ്യമാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത് അവിടെ സ്ഥിരമായ റെസ്ക്യൂ ഷെൽറ്റർ പണിയണമെന്നാണ്. സ്ഥിരമായ റെസ്ക്യൂ ഷെൽറ്റർ പണിയണമെന്ന ആവശ്യം തത്വത്തിൽ യോജിക്കുന്നതല്ലെങ്കിൽപ്പോലും അതിനുള്ള നടപടികൾ സ്വീകരിക്കും. തർക്കമൊന്നും വേണ്ട. നമുക്ക് ഏതെങ്കിലും സ്കൂളുകളോട് ചേർന്ന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയാണെങ്കിൽ ഇങ്ങനെയുള്ള അത്യാഹിതം ഉണ്ടാകുമ്പോൾ ആൾക്കാരെ അവിടെ താമസിപ്പിക്കാനും അല്ലാത്ത സമയത്ത് പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്താനും കഴിയും. സി.ആർ.എഫ്. നോംസ് അനുസരിച്ച് അങ്ങനെയുള്ള കെട്ടിടങ്ങൾ പണിയാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കില്ല. ഞാൻ മുഖ്യമന്ത്രിയുമായി ആലോചിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കുറച്ചെങ്കിലും ഫണ്ട് എടുത്തുകൊണ്ട് ഒന്നു രണ്ട് സ്ഥലങ്ങളിൽ ഇങ്ങനെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുക്കാം. അത് മുഖ്യമന്ത്രിയുമായി ആലോചിച്ച് ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടത്തെ കെടുതിയുടെ കാഠിന്യം പരിഗണിച്ച് കൊണ്ട് ഈ നിയമസഭാ സമ്മേളനം കഴിഞ്ഞ ഉടനെ ആഗസ്റ്റ് മാസം 5-ാം തീയതി കെടുതികൾ ഉണ്ടായ നിയോജകമണ്ഡലങ്ങൾ സന്ദർശിക്കാം. നമുക്ക് കൂട്ടായി ഇരുന്നുകൊണ്ട് അവിടത്തെ നാശനഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ചെയ്യാം, കൂടതൽ ആശ്വാസം എങ്ങനെ കൊടുക്കാൻ കഴിയും എങ്ങനെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും തുടങ്ങിയ കാര്യങ്ങളെപ്പറ്റി ആലോചിക്കാം. ആഗസ്റ്റ് മാസം 5-ാം തീയതി കെടുതികൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ തയ്യാറാണ്.

(10) നെടുങ്ങോലം രാമറാവു ആശുപത്രി, നെടുമ്പന റ്റി. ബി. ആശുപത്രി, പാരിപ്പള്ളി, കല്ലയ്ക്കോട് പി.എച്ച്.സി. കളിലെ ഐ.പി. വിഭാഗം എന്നിവിടങ്ങളിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ മണ്ഡലത്തിലെ വിവിധ ആശുപത്രികളുടെ ശോച്യാവസ്ഥയെക്കുറിച്ച് ഞാൻ ഇതിനോടകം പല തവണ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. 'നെടുങ്ങോലം രാമറാവു ആശുപത്രി' എന്നുവച്ചാൽ ആന്ധ്രയിലെ റാവു കുടുംബം തിരുവിതാംകൂർ ദിവാനായ സർ. സി. പി. രാമറാവുവിന്റെ പിൻഗാമികളായ ഒരു കുടുംബം നമുക്ക് ദാനമായി തന്ന 50 ഏക്കർ പുരയിടവും അതിന്റെ ആശുപത്രി കെട്ടിടവുമായിരുന്നു. അത് ഇന്ന് 18 ഏക്കർ പുരയിടവും അതിൽ ഒരു ആശുപത്രിയും ഉണ്ട്. 1970-ലാണ് സർക്കാർ ഇത് ഏറ്റെടുത്തത്. 2003 ഡിസംബർ 23-ന് ഇതൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെങ്കിലും ഇതുവരെ അതിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡോക്ടർമാരെയോ പാരാമെഡിക്കൽ സ്റ്റാഫിനെയോ നിയമിച്ചിട്ടില്ല. ഗവൺമെന്റിന്റെ ഉദാസീനതമൂലം യൂറോപ്യൻ കമ്മീഷനിൽനിന്നും ലഭിക്കേണ്ടിയിരുന്ന 80 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾ ഇന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. അതുപോലെ തന്നെയാണ് 'നെടുമ്പന ടി.ബി. ആശുപത്രി', ജില്ലാ ടി.ബി. ആശുപത്രിയായി ഉയർത്തണമെന്ന് ആരോഗ്യവകുപ്പ് വളരെക്കാലമായി ആലോചിക്കുന്നുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly